പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3011

28.01.2014-ൽ മറുപടി നൽകേണ്ടത്

## തിരുവനന്തപുരം ജില്ലയിലെ ഭൂരഹിതർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. സത്യൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ എത്ര പേർക്ക് ഭൂമി ലഭ്യമാക്കിയിട്ടുണ്ടെന്ന് താലൂക്ക് തിരിച്ച് പേരും മേൽ വിലാസവും സഹിതം വ്യക്തമാക്കാമോ;<br><br>(ബി) ഇതിൽ പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എത്ര പേരാണുള്ളത്; താലൂക്ക് തിരിച്ച് പേരും മേൽവിലാസവും വ്യക്തമാക്കാമോ; | (എ) & ( ബി)<br><br>തിരുവനന്തപുരം ജില്ലയിൽ 3181 പേർക്ക് 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015' പ്രകാരം ഭൂമി അനുവദിച്ചിട്ടുണ്ട്. 794 പട്ടികജാതി കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ പേരും മേൽവിലാസവും സംബന്ധിച്ച വിവരങ്ങൾ www.zerolandless.Kerala.gov.in/publiccorner - ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) പട്ടിക ജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ഭൂമി ലഭ്യമാക്കാൻ സ്വീകരിച്ച മാനദണ്ഡത്തെക്കുറിച്ചും ശതമാന നിരക്കിനെക്കുറിച്ചും വിശദമാക്കാമോ? | (സി) പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഓരോ ഘട്ട വിതരണത്തിലും ജില്ലാ തലത്തിൽ 25%- ൽ കുറയാത്ത പട്ടയം ലഭിക്കുന്ന എന്ന് ഉറപ്പാക്കുന്ന തരത്തിലാണ് പട്ടയ വിതരണ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇതിന് വേണ്ടി സി-ഡിറ്റ് മുഖാന്തിരം പ്രത്യേക സോഫ്റ്റ്‌വെയറും തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ